നർമ്മലേഖനം

# മേരാ പ്യാരേ പാരക്കുട്ടാ! ഐ ലൗ യു!

**തോമസ് ഫിലിപ്പ്, പാറക്കമണ്ണിൽ റാന്നി**

**ഇ**രുട്ടുകാലായിൽ ഇട്ടൂപ്പ് ഡോക്ടറേറ്റ് എടുത്തിരിക്കുന്നത് 'പാര'യെപ്പറ്റി പ്രബന്ധം എഴുതിയാണ്. നിർഭാഗ്യവശാൽ ഇട്ടൂപ്പിന് ഡോക്ടറേറ്റ് കിട്ടി 6 മാസം കഴിഞ്ഞപ്പോൾ ഭാര്യ സുശീല ഇട്ടൂപ്പിനെ ഇട്ടിട്ട് പോയി അഥവാ ഉപേക്ഷിച്ചു. സുബോധമുള്ള മറ്റൊരു ഭാര്യയെ സംഘടിപ്പിക്കുവാൻ ഇട്ടൂപ്പ് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് തനിക്കെതിരായ ഭാര്യയുടെ പാര. മനുഷ്യചരിത്തിലെ ആദ്യത്തെ പാരപ്പണി ആദാമിനെതിരായി ഔവ്വാ നടത്തിയതാണ്. പിന്നീട് കയീൻ സഹോദരനായ ഹാബേലിനെതിരായി പര വെച്ചവനെ കൊന്നു. മനുഷ്യൻ മനുഷ്യനോട് ചെയ്തിട്ടുള്ള ഈ ദൃശ്യമായ പാരപ്പണിയുടെ കഥകൾ ബൈബിളിലും ഹൈന്ദവ പുരാണേതിഹാസങ്ങളിലുമൊക്കെ ധാരാളമായി രേഖപ്പെടുത്തിയിട്ടുണ്ട്.

അമേരിക്ക ഇതുവരെ കണ്ടുപിടിച്ചിട്ടുള്ള സർവ്വായുധങ്ങളേക്കാളും മൂർച്ചയും വേഗതയും ശക്തിയുമുള്ളതാണ് അമേരിക്കൻ മലയാളികളുടെ കയ്യിലുള്ള പാര! അമേരിക്കക്കാരുടെ കയ്യിൽ തോക്കുള്ളതു പോലെ ലോകമെമ്പാടുമുള്ള ആണും പെണ്ണുമുൾപ്പെടെയുള്ള ബഹുഭൂരിപക്ഷം മലയാളികളുടെ കയ്യിലും ചെറുതും വലുതുമായ വിവിധതരം പാരകളുണ്ട്! എന്റെ കയ്യിലും പാരയുണ്ട്. അധർമ്മത്തിനെതിരായി പോരാടുന്ന പാരയാണത്. പാരയില്ലാതെ അച്ചന്മാർക്കു പോലും ജീവിക്കാൻ പറ്റാത്ത കാലവുമാണ്!

മലയാളികളായ കലാകാരന്മാരുടെയും സിനിമാതാരങ്ങളുടെയും രാഷ്ട്രീയനേതാക്കന്മാരുടെയും എഴുത്തുകാരുടെയും സാഹിത്യകാരന്മാരുടെയും മാധ്യമപ്രവർത്തകരുടെയും സംഘടനാ സാംസ്ക്കാരിക നേതാക്കന്മാരുടെയും സാമൂഹ്യപ്രവർത്തകരുടെയും ചിരിച്ചുകൊണ്ട് നടക്കുന്ന അംഗനാമണിമാരുടെ കയ്യിൽ വരെയും പാരയുണ്ട്! സൂക്ഷിക്കുക കരളേ, മുത്തേ ഐ ലൗ യു പറഞ്ഞ് പുറകെ നടക്കുന്ന കാമുകീകാമുകന്മാരുടെ കയ്യിൽ ചതിക്കുകയും കൊല്ലുകയും ചെയ്യുന്ന പാരയുണ്ട്! ഫെയ്സ് ബുക്ക് കാമുകീകാമുകന്മാരുടെ കയ്യിലും തട്ടിപ്പ് പാരയുണ്ട്! ആരെയും അന്ധമായി വിശ്വസിക്കരുത്. ഓർക്കുക, ചക്കരവാക്കുകൾ പറഞ്ഞ് നടക്കുന്നവന്റെ കയ്യിൽ വിഷപ്പാരയുണ്ട്! ഈയൽ തീയിൽ ചാടി ചാകുന്നതുപോലെ ലൗവിന്റെ പേരിൽ വരാവുന്ന പ്രത്യാഘാതങ്ങളെപ്പറ്റി അശ്ശേഷം ചിന്തിക്കാതെ എത്രയോ മലയാളി യുവതീ യുവാക്കന്മാരാണ് ഇളം പ്രായത്തിൽ തന്നെ സ്വയം നശിച്ചുകൊണ്ടിരിക്കുന്നത്. മാതാപിതാക്കളിൽ നിന്നുള്ള ശിക്ഷവും അവരിൽ നിന്നുമുള്ള ധാർമ്മികമായ മാതൃകയും കിട്ടാതെ ഒരു പുന്നാരമോനും, പുന്നാരമോളും ഗുണപ്പെടുകയില്ലെന്നറിഞ്ഞാലും! കൈക്കൊണ്ട് മെയ്യനങ്ങാതെ നേരം വെളുക്കുമ്പോൾ മുതൽ തിന്നുകുടിച്ച് അഹങ്കരിച്ച് 'അടിപൊളി' സുഖങ്ങൾ ആസ്വദിച്ചും ആഘോഷിച്ചും വിലയേറിയ തങ്ങളുടെ സമയവും ജീവിതവും തുലച്ചുകളയുന്ന 'ദൈവരാജ്യ'ത്തിലെ മലയാളികളും കേരളവും എന്ന്, ഏതു കാലത്ത്, എങ്ങനെ ഗുണം പിടിക്കും? ഏതെങ്കിലും രാഷ്ട്രീയനേതാവിനോ മുഖ്യനോ പാർട്ടിയ്ക്കോ സൂപ്പർ സിനിമാതാരത്തിനോ ജനപ്രിയ എം.എൽ.എ. യ്ക്കോ സാംസ്ക്കാരിക നായകനോ ദൈവത്തിന്റെ അരുമ അനുയായിയ്ക്കോ ഇന്നിതിൽ വല്ല ഖേദവുമുണ്ടോ? ഒട്ടുമിക്ക മലയാളി എഴുത്തുകാരും ഇന്ന് സാധാരണയായി ഉപയോഗിച്ചു കാണുന്ന 'അടിപൊളി' എന്ന പുതിയ വാക്കിന് ഞാൻ കൊടുക്കുന്ന അർത്ഥം 'തല്ലിപ്പൊളി' എന്നാണ്. നാടിന് കിട്ടേണ്ട സകല നന്മകളേയും, ഉയർച്ചകളെയും പാർട്ടിയുടെയും, വർഗ്ഗീയ വിഭാഗീയ സങ്കുചിത ചിന്തകളുടെയും വെളിച്ചത്തിൽ എന്നും തട്ടിത്തകർത്തുകൊണ്ടിരിക്കുന്ന ഒരു വർഗ്ഗം, മലയാളികളെപ്പോലെ

ലോകത്തിൽ മറ്റാരും ഇല്ല! മറ്റുള്ളവരെ പീഡിപ്പിച്ച് സ്വാർത്ഥനിഷ്ഠരായി ജീവിക്കുന്ന ഇവർ തല്ലി പ്പൊളിയല്ലാതെ പിന്നെ മറ്റെന്താകുന്നു? അതോ തനി കോമാളികളോ?

കേരളത്തിലെ ഒരു ജനപ്രിയ നടനും അനുയായികളും ചേർന്ന് സൗമ്യവതിയായ ഒരു സാധുനടിയുടെ ജീവിതം തകർക്കാൻ നടത്തിയ അതിനീചമായ ബലാൽക്കാരം ലോകമലയാളി മനസ്സാക്ഷിയെ ഞെട്ടിച്ച ഏറ്റവും വലിയ മലയാളി പാരപ്പണിയുമായിരുന്നു! ഈ നീചപ്രവൃത്തി ചെയ്തവരെയും ചെയ്യിച്ചവനെയും പൂമാലയിട്ട് ആദരിക്കുന്ന മലയാളിയുടെ നീതിബോധവും ധാർമ്മികതയും എത്രയോ അഭിനന്ദനീയമായിരിക്കുന്നു! ഇല്ലയോ? ആരാന്റമ്മയ്ക്കല്ലേ ഭ്രാന്തു പിടി ച്ചത്. അത് കാണാൻ മലയാളിക്ക് എത്ര രസമെന്നോ? കോമാളികൾ മാത്രമല്ല, ഒത്തിരി ഊള ന്മാരും വേരില്ലാത്ത ഇത്തിൾപോലെ മറ്റുള്ളവരെ ചൂഷണം ചെയ്ത് കേരളത്തിൽ ജീവിക്കുന്നു. മനസ്സാക്ഷി മരച്ച വർഗ്ഗം!

ആത്മീയ ലോകത്തിലും ഇന്ന് അസംഖ്യം പാരകളുണ്ട്. വിസ്താരഭയത്താൽ വിസ്തരി ക്കുന്നില്ലിവിടെ. കപ്യാരുമാരു തൊട്ട് മെത്രാന്മാരുവരെയുള്ളവരുടെ കയ്യിലും പാരകളുണ്ട്. യേശു വിന്റെ ശിഷ്യന്മാരിലും ഒരാൾ പാരയായിരുന്നു. യൂദാ എന്ന ആ വലിയ പാര ദൈവത്തിനെതിരേം വേല വെച്ചു! പത്രോസിന്റെ കയ്യിലും ഒരു പാര ഉണ്ടായിരുന്നു. ഉറയിൽ നിന്ന് അതെടുത്ത് പത്രോസ് ശത്രുവിനെതിരെ വെട്ടി. വാൾ ഉറയിലിടാൻ യേശു അവനോട് പറഞ്ഞു.

മലയാളി മലാളിക്കെതിരെ മാത്രമല്ല പാരവെക്കുന്നത്. പാവപ്പെട്ട അമേരിക്കൻ സായിപ്പിനും മദാമ്മയ്ക്കും അന്യനാട്ടുകാർക്കുമൊക്കെ എതിരായി മലയാളി പാരക്കുട്ടൻ പാര വെക്കും. മല യാളി ഗൾഫിലെത്തിയാൽ അവിടത്തെ മേലധികാരികളോടും ബിസിനസുകാരൻ അറബിക്കെതി രായിട്ടുമൊക്കെ പാര വെക്കും. കേരളത്തിലെ ഒരു കമ്മ്യൂണിസ്റ്റ് മന്ത്രി പുത്രൻ ബിനോയ് കോടി യേരി ദുബായിൽ നടത്തിയ 13 കോടിയുടെ തട്ടിപ്പു കഴിഞ്ഞു. 'ഏഴകളുടെ തോഴന്മാ'രുടെ അഴിമ തിയായതുകൊണ്ട് ഇതിനെതിരായി മുഷ്ടി ചുരുട്ടി തെരുവുജാഥയും സമരവും ഹർത്താലുമൊന്നും നടത്താൻ അച്യുതാനന്ദനും കുട്ടി സഖാക്കളും ഇറങ്ങുകയില്ല! അല്ലെങ്കിൽ കേരളത്തിലെ ഏത് കമ്മ്യൂണിസ്റ്റ് നേതാവിന്റെ ജീവിതത്തിലാണ് ഇന്ന് അഴിമതിയും കളങ്കവുമുള്ളത്? തൊലിക്കട്ടി അപാരം തന്നെ!

എല്ലാ പാരകളുടെയും കേന്ദ്രം സ്വാർത്ഥതയാകുന്നു. 'അളിയാ, എനിക്കൊന്ന് സുഖിക്കണം' എന്നുള്ള പഴയ നാടൻ ശൈലി ഇന്നും. ഈ പുന്നാരക്കുട്ടന്മാരെ സുഖിക്കൽ പ്രവണതയാണ് എല്ലാവിധത്തിലും നമ്മുടെ നാട്ടുകാരെയും നാടിനെയും നശിപ്പിച്ചുകൊണ്ടിരിക്കുന്നത്.

'ഞാൻ' ആണ് എല്ലാവരേക്കാളും വലുത്. 'ഞാൻ' ആണ് എല്ലാ രംഗങ്ങളിലും നിറഞ്ഞ് ശോഭിക്കേണ്ടത്. ഞാൻ പറയുന്നത് മറ്റുള്ളവർ അംഗീകരിക്കണം. തന്റെയോ തങ്ങളുടെയോ ഇംഗി തത്തെ അനുകൂലിക്കാത്ത 'അവനെയും അവളെയും അങ്ങനെ വിടരുത്' എന്ന മറ്റൊരു അടിയ ന്തിരാവിശ്യം കൂടി മലയാളിക്കുണ്ട്.

ഒരുവന് സ്വയം പരിശ്രമിച്ചാൽ ആഗ്രഹിക്കുന്ന ഉന്നതസ്ഥാനത്തെത്താമല്ലോ. പേരും പ്രശ സ്തിയുമുണ്ടാക്കാം. മറ്റുള്ള മനുഷ്യരെയും സേവിക്കാം. അതിന് മലയാളിക്ക് അമേരിക്കയിൽ തൊള്ളായിരം സംഘടനകൾ വേണോ? പതിനായിരക്കണക്കിന് അനുയായികളും ചെണ്ടയടിയും വാദ്യഘോഷങ്ങളും വേണമോ അതിന്? സേവനപ്പോരാട്ടത്തിൽ പുറകിൽ കിടന്ന ആമ ആന യുടെ മുമ്പിലെത്തിയിരിക്കുന്നു. അമേരിക്കൻ മലയാളികളുടെ ദുഃഖങ്ങൾ ആനക്കും, ആമയ്ക്കും പൂച്ചയ്ക്കും ചുണ്ടെലിക്കും ഞണ്ടിനുമറിയില്ല! ഉന്നതരും ഉൽകൃഷ്ടരുമായ അമേരിക്കൻ മലയാ ളികളെയും പ്രസ്ഥാനങ്ങളെയും അഭിനന്ദിക്കുവാനും ആദരിക്കുവാനുമുള്ള ആർജ്ജവത്വവുമില്ലി വർക്ക്.

ചുരുക്കിപ്പറഞ്ഞാൽ മറ്റുള്ള മലയാളികൾ നന്നാകുന്നതും, വളരുന്നതും ഉയരുന്നതും അഭിവൃദ്ധി പ്രാപിക്കുന്നതും, പ്രശസ്തിയാർജ്ജിക്കുന്നതുമൊക്കെ അഭ്യസ്തവിദ്യനെന്ന് വീമ്പടിച്ച് നടക്കുന്ന വികടബുദ്ധിയായ മലയാളിക്ക് സഹിച്ചുകൂടാ. അതിന്റെ കാരണം കൂടി ഒറ്റവാചകത്തിൽ ഇവിടെ പറഞ്ഞുകൊള്ളട്ടെ. കടുത്ത അജ്ഞതയിൽ നിന്നും ഉടലെടുക്കുന്ന അസൂയ തന്നെ. കൂട്ടിന് അഹന്തയുമുണ്ട്. ഇതിവിടെ ഉപസംഹരിക്കട്ടെ. ശ്രീ. സുധീർ പണിക്കവീട്ടിൽ അടുത്ത സമയത്തെഴുതിയിരുന്ന 'ആരാണ് വരുന്നത് നാട്ടിൽ നിന്ന്' എന്ന ലേഖനത്തിൽ ആത്മാർത്ഥമായി ആഗ്രഹിച്ചാൽ അവനെ ആ ലക്ഷ്യത്തിലെത്തിക്കാതിരിക്കാൻ മഴുവൻ മലയാളികളും ശ്രമിക്കും എന്ന് പറഞ്ഞിട്ടുള്ളതിൽ ഏറെ സത്യമുണ്ട്. കൂടുതൽ അടുത്താലും പാര! കൂടുതൽ അകന്നാലും പാര! ഇങ്ങനെ ആയിരിക്കയാണ് അതിബുദ്ധിമാനായ മലയാളി ഇന്ന്! ആരാണ് മലയാളിക്ക് ദോഷം വരുത്തുന്നത്? നാം ആത്മാർത്ഥമായും നിസ്വാർത്ഥമായും സ്നേഹിക്കുകയും സഹായിക്കുകയും ചെയ്തിട്ടുള്ള നമ്മുടെ സ്വന്തക്കാരും ബന്ധുക്കാരും കൂട്ടുകാരുമായിട്ടുള്ളവർ തന്നേ! മനുഷ്യന്റെ ശത്രുക്കൾ അവന്റെ വീട്ടുകാർ തന്നേ എന്ന് ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതെ, നമ്മുടെ ശത്രുക്കൾ നമ്മൾ തന്നെയാണ്. അതുകൊണ്ട് നമുക്കു തന്നെ അനൽപ്പമായ ദോഷങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്ന എല്ലാ പാരകളെയും ഉറകളിൽ നിന്നെടുത്ത് ട്രാഷിൽ കളയാം. സത്യസന്ധരായും ധർമ്മബോധമുള്ളവരായും ജീവിക്കാൻ ശ്രമിക്കാം. 'മേരാ പ്യാരേ ദേശവാസിയോം പാരക്കുട്ടാ' ഐ ലൗവ് യു! പാര, അസൂയ, അഹന്ത, തട്ടിപ്പ്, അത്യാർത്തി, ബലാൽക്കാരം, സ്നേഹം, ആന, ആമ, ഞണ്ട് ഇവ 10-ഉം മലയാളികൾ ഭൂമിയിലുള്ളിടത്തോളം കാലം നിലനിൽക്കും. ഇവയിൽ ഏറ്റവും അപകടകാരിയും ഉറക്കം കെടുത്തുന്നതുമോ 'പാര'യാകുന്നു! അഥവാ പിടിവിടാത്ത ഞണ്ടാണ്!

(ഇതിൽ പറയുന്ന കഥാപാത്രങ്ങൾക്ക് ജീവിച്ചിരിക്കുന്ന ആരുമായും ബന്ധമില്ല. അവ ഭാവനാസൃഷ്ടികൾ മാത്രം-ലേഖകൻ)

***********